REGIONAL NEWS UNIT, ALL INDIA RADIO, CALICUT

# ആകാശവാണി

## പ്രാദേശിക വാർത്തകൾ

**തിയ്യതി:** 27-11-2024 **സമയം** 12.30 PM

## പ്രധാന വാർത്തകൾ

- പാർലമെന്റിന്റെ ഇരുസഭകളും പ്രതിപക്ഷ ബഹളത്തെ തുടർന്ന് ഇന്നും സ്തംഭിച്ചു.
- സമൂഹ മാധ്യമങ്ങളിലെ അശ്ലീല ഉള്ളടക്കം നിയന്ത്രിക്കാൻ കർശന നിയമങ്ങൾ കൊണ്ടുവരുന്ന കാര്യം പരിഗണനയിലാണെന്ന് കേന്ദ്ര മന്ത്രി അശ്വിനി വൈഷ്ണവ്.
- നാല് ദിവസത്തെ തമിഴ്നാട് സന്ദർശനത്തിന് രാഷ്ട്രപതി ദ്രൗപതി മുർമു കോയമ്പത്തൂരിലെത്തി.
- ഉപതെരഞ്ഞെടുപ്പിൽ വിജയിച്ച U.R പ്രദീപും, രാഹുൽ മാങ്കൂട്ടത്തിലും ഡിസംബർ നാലിന് സത്യപ്രതിജ്ഞ ചെയ്യും.
- സംസ്ഥാനത്ത് മോഷണസംഘങ്ങൾ സൃഷ്ടിക്കുന്ന ഭീതി അവസാനിപ്പിക്കാൻ നടപടിയെടുക്കണമെന്ന് സംസ്ഥാന മനുഷ്യാവകാശ കമ്മീഷൻ.

## വാർത്തകൾ വിശദമായി

**പാർലമെന്റിന്റെ ഇരുസഭകളും പ്രതിപക്ഷ ബഹളത്തെ തുടർന്ന് ഇന്നും സ്തംഭിച്ചു. രാജ്യസഭ ഇന്നത്തേക്ക് പിരിഞ്ഞു. ലോക്സഭ ഉച്ചയ്ക്ക് 12 വരെ നിർത്തിവെച്ചു. പ്രമുഖ വ്യവസായ ഗ്രൂപ്പിനെതിരെ വിദേശത്ത് ഉയർന്ന കോഴയാരോപണം, മണിപ്പൂർ കലാപം, സംഭൽ വെടിവെപ്പ് തുടങ്ങിയ വിഷയങ്ങളിലാണ് പ്രതിപക്ഷം സഭകളിൽ പ്രതിഷേധമുയർത്തിയത്. ലോക്സഭയിൽ അംഗങ്ങൾ സഭയുടെ നടുത്തളത്തിലിറങ്ങി മുദ്രാവാക്യം വിളിച്ചതോടെയാണ് സ്പീക്കർ ഓം ബിർള സഭ നിർത്തിവെച്ചത്. സമ്മേളനം പിന്നീട് പുനഃരാരംഭിച്ചു.**

✪✪✪

സമൂഹ മാധ്യമങ്ങളിലെ അശ്ലീല ഉള്ളടക്കം നിയന്ത്രിക്കാൻ കർശന നിയമങ്ങൾ കൊണ്ടുവരുന്ന കാര്യം പരിഗണനയിലാണെന്ന് വാർത്താവിതരണ പ്രക്ഷേപണ മന്ത്രി അശ്വിനി വൈഷ്ണവ് ലോക്സഭയിൽ പറഞ്ഞു. ഇക്കാര്യത്തിൽ പാർലമെന്റ് സ്റ്റാന്റിംഗ് കമ്മറ്റിയുമായി ചർച്ച ചെയ്തായിരിക്കും നിയമങ്ങൾ ആവിഷ്ക്കരിക്കുകയെന്നും അദ്ദേഹം പറഞ്ഞു. പല സാമൂഹ്യമാധ്യമ പ്ലാറ്റ്ഫോമുകളുടെയും കേന്ദ്രം വിദേശ രാജ്യങ്ങളിലാണെന്നും ഇന്ത്യയിലെയും അത്തരം രാജ്യങ്ങളിലെയും സാംസ്കാരികമായ അന്തരമാണ് അശ്ലീല ഉള്ളടക്കം കൂടുതലായി ഉണ്ടാകാൻ കാരണമെന്നും അശ്വിനി വൈഷ്ണവ് വിലയിരുത്തി.

✪✪✪

നാല് ദിവസത്തെ തമിഴ്നാട് സന്ദർശനത്തിനായി രാഷ്ട്രപതി ദ്രൗപതി മുർമു കോയമ്പത്തൂരിലെത്തി. നാളെ ഊട്ടി വെല്ലിംഗ്ടൺ ഡിഫൻസ് സർവീസസ് സ്റ്റാഫ് കോളേജിലെ പരിപാടിയിൽ രാഷ്ട്രപതി പങ്കെടുക്കും. മറ്റന്നാൾ നീലഗിരിയിൽ ആദിവാസികളുമായും രാഷ്ട്രപതി സംവദിക്കും.

രാഷ്ട്രപതിയുടെ സന്ദർശനം കണക്കിലെടുത്ത് കോയമ്പത്തൂരിലും ഊട്ടിയിലും പരിസരങ്ങളിലും സുരക്ഷ ശക്തമാക്കിയിട്ടുണ്ട്. മലനിരകളിൽ നിലനിൽക്കുന്ന പ്രതികൂല കാലാവസ്ഥയെ തുടർന്ന് റോഡ് മാർഗമാണ് രാഷ്ട്രപതി ഊട്ടിയിലേക്ക് പോകുന്നത്.

✪✪✪

ആറ് രാജ്യസഭാ സീറ്റുകളിലെ ഉപതെരഞ്ഞെടുപ്പ് തീയതി തെരഞ്ഞെടുപ്പ് കമ്മീഷൻ പ്രഖ്യാപിച്ചു. ആന്ധ്രാപ്രദേശിലെ മൂന്ന് സീറ്റുകളിലേക്കും, ഒഡീഷ, പശ്ചിമ ബംഗാൾ, ഹരിയാന എന്നിവിടങ്ങളിലെ ഓരോ സീറ്റിലേക്കുമാണ് തെരഞ്ഞെടുപ്പ്. വിജ്ഞാപനം അടുത്തമാസം മൂന്നിന് പുറത്തിറക്കും. പത്താം തീയതി വരെ നാമനിർദ്ദേശ പത്രിക സമർപ്പിക്കാം. അടുത്തമാസം 20 ന് വോട്ടെടുപ്പും വോട്ടെണ്ണലും നടക്കും.

രാജ്യസഭാ അംഗങ്ങളുടെ രാജിയെ തുടർന്നാണ് തെരഞ്ഞെടുപ്പ്.

✪✪✪

55-ാമത് ഗോവ അന്താരാഷ്ട്ര ചലച്ചിത്രമേളയിൽ ഇന്ന് പ്രശസ്ത ചലച്ചിത്ര സംവിധായകൻ തപൻസിൻഹ അനുസ്മരണ പരിപാടി സംഘടിപ്പിക്കും. ചലച്ചിത്രോത്സവം നാളെ സമാപിക്കും.

✪✪✪

ജമ്മു കശ്മീരിൽ, നിരോധിത സംഘടനകളായ ജെയ്ഷെ മുഹമ്മദ്, ലഷ്കർ ഇ തൊയ്ബ എന്നിവയുമായി ബന്ധപ്പെട്ട തീവ്രവാദ ശൃംഖലകൾക്കെതിരെ ജമ്മു പോലീസ് പരിശോധന ഊർജിതമാക്കി. ജമ്മു മേഖലയിലെ രജൗരി,

പൂഞ്ച്, കിഷ്ത്വാർ, ഉധംപൂർ ജില്ലകളിൽ വിവിധ സ്ഥലങ്ങളിലായി 56 ഇടങ്ങളിലാണ് ഇന്നലെ തെരച്ചിൽ നടത്തിയത്.

✪✪✪

ഉപതെരഞ്ഞെടുപ്പിൽ ചേലക്കരയിൽ നിന്ന് വിജയിച്ച U.R പ്രദീപ്, പാലക്കാട്ട് നിന്ന് വിജയിച്ച രാഹുൽ മാങ്കൂട്ടത്തിൽ എന്നിവർ ഡിസംബർ നാലിന് സത്യപ്രതിജ്ഞ ചെയ്യും. നിയമസഭാ മന്ദിരത്തിലെ R. ശങ്കരനാരായണൻ തമ്പി മെമ്പേഴ്സ് ലോഞ്ചിലാണ് സത്യപ്രതിജ്ഞ.

✪✪✪

ബംഗാൾ ഉൾക്കടലിൽ ശ്രീലങ്കയ്ക്ക് മുകളിൽ രൂപപ്പെട്ട തീവ്ര ന്യൂനമർദ്ദം വൈകുന്നേരത്തോടെ ഫെൻങ്കൽ ചുഴലിക്കാറ്റായി മാറിയേക്കുമെന്ന് കാലാവസ്ഥാ കേന്ദ്രങ്ങൾ മുന്നറിയിപ്പു നൽകി.

ചുഴലിക്കാറ്റിന്റെ സാഹചര്യത്തിൽ തമിഴ്നാട്ടിലെ തീരദേശ ജില്ലകളിൽ അതിതീവ്ര മഴയ്ക്ക് സാധ്യതയുണ്ടെന്ന് കേന്ദ്രകാലാവസ്ഥാ വകുപ്പ് മുന്നറിയിപ്പ് നൽകി. ആന്ധ്രാതീരത്തും, വരുന്ന മൂന്നു ദിവസങ്ങളിൽ അതിശക്ത മഴയ്ക്ക് സാധ്യതയുണ്ടെന്നും അവർ അറിയിച്ചു. മൈലാടുംതുറൈ, നാഗപട്ടണം, തിരുവാരൂർ ജില്ലകളിലും, പുതുച്ചേരിയിലെ കാരയ്ക്കലിലും ഇന്നലെ ചുവപ്പു ജാഗ്രതാ നിർദ്ദേശം നൽകിയിട്ടുണ്ട്.

✪✪✪

സംസ്ഥാനത്ത് ഇന്ന് ചിലയിടങ്ങളിൽ ശക്തമായ മഴയ്ക്ക് സാധ്യതയുണ്ടെന്ന് കേന്ദ്ര കാലാവസ്ഥാ വകുപ്പ് അറിയിച്ചു. ശക്തമായ മഴ സാധ്യത കണക്കിലെടുത്ത് ഇന്ന് ഇടുക്കി, പാലക്കാട്, മലപ്പുറം ജില്ലകളിൽ മഞ്ഞ ജാഗ്രതയും നൽകിയിട്ടുണ്ട്.

കേരളാ തീരത്ത് മണിക്കൂറിൽ 35 മുതൽ 55 കിലോമീറ്റർ വരെ വേഗതത്തിൽ കാറ്റിന് സാധ്യതയുണ്ടെന്നും മീൻ പിടുത്തക്കാർ കടലിൽ പോകരുതെന്നും നിർദേശമുണ്ട്.

✪✪✪

ലക്നൗവിൽ ദേശീയ ജൂനിയർ സ്കൂൾ അത്-ലറ്റിക്സിന്റെ ആദ്യദിനത്തിൽ കേരളത്തിന് നേട്ടം. പെൺകുട്ടികളുടെ 800 മീറ്റർ, ഹൈജമ്പ്, ആൺകുട്ടികളുടെ 100 മീറ്റർ എന്നിവയിൽ കേരളാതാരങ്ങൾ ഫൈനലിൽ പ്രവേശിച്ചു.

ഇന്ന് എട്ട് ഇനങ്ങളിൽ ഫൈനൽ നടത്തും.

✪✪✪

എട്ട് വയസ്സിൽ താഴെ പ്രായക്കാരുടെ ലോക കേഡറ്റ്സ് ചെസ് ചാമ്പ്യൻഷിപ്പിൽ ഇന്ത്യയുടെ ദിവിത് റെഡ്ഡി സ്വർണം നേടി. ഇന്ത്യയുടെ തന്നെ സാത്വിക് സ്വെയ്ൻ വെള്ളിയും, ചൈനയുടെ സിമിംഗ് ഗുവോ വെങ്കലവും നേടി.

✪✪✪

സയ്യിദ് മോദി അന്താരാഷ്ട്ര ബാഡ്മിന്റൺ ടൂർണമെന്റിന് ലഖ്നൗവിൽ തുടക്കമായി. വനിതാ സിംഗിൾസിൽ P.V സിന്ധുവും പുരുഷ സിംഗിൾസിൽ ലക്ഷ്യ സെന്നുമാണ് ടീമിനെ നയിക്കുന്നത്.

സാത്വിക് സായിരാജ് രങ്കിറെഡ്ഡി-ചിരാഗ് ഷെട്ടി സഖ്യം ടൂർണമെന്റിൽ നിന്ന് പിന്മാറി.

✪✪✪

ISL ഫുട്ബോളിൽ ഇന്ന് മുഹമ്മദൻ SC, ബെംഗളൂരു FC യെ നേരിടും. വൈകിട്ട് 7:30 ന് കൊൽക്കത്തയിലാണ് മത്സരം.

കേരളാ ബ്ലാസ്റ്റേഴ്സ് - ഗോവ മത്സരം നാളെയാണ്.

✪✪✪

കണ്ണൂർ മുൻ ADM നവീൻ ബാബുവിന്റെ മരണത്തിൽ CBI അന്വേഷണം ആവശ്യപ്പെട്ട് ഭാര്യ മഞ്ജുഷ നൽകിയ ഹർജിയുടെ പരിഗണന ഹൈക്കോടതി അടുത്ത മാസം ആറിലേക്ക് മാറ്റി. പൊലീസ് അന്വേഷണത്തിൽ തൃപ്തിയില്ലെന്നാരോപിച്ചാണ് ഹർജി ഫയൽ ചെയ്തത്.

✪✪✪

ADM നവീൻ ബാബുവിന്റെ മരണത്തിൽ ഗവൺമെന്റും, CPIM ഉം അദ്ദേഹത്തിന്റെ കുടുംബത്തെ വഞ്ചിച്ചെന്ന് BJP സംസ്ഥാന പ്രസിഡണ്ട് K സുരേന്ദ്രൻ കുറ്റപ്പെടുത്തി. CPIM കൊലയാളികൾക്കൊപ്പമാണെന്നും അദ്ദേഹം പറഞ്ഞു. പത്തനംതിട്ടയിൽ നവീൻ ബാബുവിന്റെ വീട് സന്ദർശിച്ചശേഷം സംസാരിക്കുകയായിരുന്നു സുരേന്ദ്രൻ.

✪✪✪

കണ്ണൂർ ഏഴിമല ഇന്ത്യൻ നാവിക അക്കാദമിയിൽ പരിശീലനം പൂർത്തിയാക്കിയ കേഡറ്റുകളുടെ പാസിംഗ് ഔട്ട് പരേഡ് ശനിയാഴ്ച നടക്കും. ഇതിനു മുന്നോടിയായി പരിശീലനം നേടിയ ക്യാഡറ്റുകളുടെ ഔട്ട്ഡോർ ട്രെയിനിങ് പ്രദർശനം നാളെ അക്കാദമിയിൽ നടത്തും

✪✪✪

അഖില ഭാരതീയ പൂർവ്വ സൈനിക സേവ പരിഷത്ത് ഓൾ ഇന്ത്യാ വാർഷിക ജനറൽ ബോഡി യോഗം മറ്റന്നാൾ കണ്ണൂരിൽ ആരംഭിക്കും. ഡിസംബർ ഒന്നു

**വരെ നീളുന്ന പരിപാടിയിൽ രാജ്യരക്ഷാ മന്ത്രി രാജ്നാഥ് സിംഗ്, ഗവർണർ ആരിഫ് മുഹമ്മദ് ഖാൻ എന്നിവർ മുഖ്യാതിഥികളായി സംബന്ധിക്കുമെന്ന് സ്വാഗത സംഘം ഭാരവാഹികൾ കണ്ണൂരിൽ അറിയിച്ചു.**

✪✪✪

**തരിശ് ഭൂമിയിൽ കിഴങ്ങുവിള കൃഷി ചെയ്യുന്നതിന്റെ 3-ാം ഘട്ട ആലപ്പുഴ ജില്ലാതല ഉദ്ഘാടനം മന്ത്രി P.പ്രസാദ് നിർവഹിച്ചു. ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതി, സുഭിക്ഷ കേരളം, കൃഷി വകുപ്പ്, കുടുംബശ്രീ എന്നിവയുടെ ആഭിമുഖ്യത്തിലാണ് പരിപാടി.**

✪✪✪

**സംസ്ഥാനത്ത് മോഷണ സംഘങ്ങൾ സൃഷ്ടിക്കുന്ന ഭീതി അവസാനിപ്പിക്കുന്നതിന് കർശനവും ഫലപ്രദവുമായ നടപടിയെടുക്കണമെന്ന് മനുഷ്യാവകാശ കമ്മീഷൻ ജുഡീഷ്യൽ അംഗം K ബൈജൂനാഥ്, സംസ്ഥാന പോലീസ് മേധാവിക്ക് നിർദ്ദേശം നൽകി. നടപടികളെപ്പറ്റി 15 ദിവസത്തിനകം റിപ്പോർട്ട് സമർപ്പിക്കണം. ഡിസംബർ 18 ന് കണ്ണൂരിൽ ചേരുന്ന സിറ്റിംഗിൽ കേസ് പരിഗണിക്കും.**

✪✪✪

**ചലച്ചിത്ര നിർമ്മാതാവും മാതൃഭൂമി ഡയറക്ടറുമായിരുന്ന PV ഗംഗാധരന്റെ പേരിൽ മലയാള ചലച്ചിത്ര കാണികൾ സംഘടന- മക്കൾ- ഏർപ്പെടുത്തിയ സമഗ്ര സംഭാവനാ പുരസ്കാരം സംവിധായകനും അഭിനേതാവുമായ തോമസ് ചേനത്തുംപറമ്പിലിന് സമ്മാനിക്കും. മറ്റന്നാൾ വൈകിട്ട് കോഴിക്കോട് അശോകപുരം കാലിക്കറ്റ് ചേമ്പർ ഭവനിലാണ് പുരസ്കാര വിതരണം.**

✪✪✪

**കേരള ശാസ്ത്ര സാഹിത്യ പരിഷത്തിന്റെ ആഭിമു ഖ്യത്തിൽ ശാസ്ത്രജ്ഞരും പൊതുജനങ്ങളും തമ്മിൽ നേരിട്ട് സംവദിക്കാൻ വേദിയൊരുക്കുന്ന കേരള സയൻസ് സ്ളാം ഇരുപത്തിനാലാം എഡിഷൻ ഈ മാസം 30 ന് കണ്ണൂർ സർവകലാശാല ക്യാംപസിൽ നടത്തുമെന്ന് ഭാരവാഹികൾ വാർത്താ സമ്മേളനത്തിൽ അറിയിച്ചു. കേരളത്തിൽ നാല് റീജ്യനൽ സ്ളാമുകൾ സംഘടിപിച്ചുണ്ട്. നാലാം എഡിഷൻ സ്ളാമാണ് മാങ്ങാട്ടുപറമ്പിൽ നടക്കുന്നത്.**

✪✪✪

**ഇൻഡോ-അറബ് കോൺഫെഡറേഷൻ കൗൺസിലിന്റെ ആഭിമുഖ്യത്തിൽ യുണൈറ്റഡ് അറബ് എമിറേറ്റ്സിന്റെ 53-ാം ദേശീയദിനാഘോഷത്തിന്റെ**

ഉദ്ഘാടനവും NRI സംഗമവും മറ്റന്നാൾ കോഴിക്കോട്ട് സംഘടിപ്പിക്കുമെന്ന് ഭാരവാഹികൾ അറിയിച്ചു. ഹോട്ടൽ അളകാപുരിയിൽ മന്ത്രി V. അബ്ദുറഹ്മാൻ ഉദ്ഘാടനം ചെയ്യും.

✪✪✪

സംസ്ഥാന ചലച്ചിത്ര അക്കാദമിയുടെ 29-ാമത് കേരള രാജ്യാന്തര ചലചിത്ര മേളയോടനുബന്ധിച്ച് ടൂറിംഗ് ടാക്കീസ് വിളംബര ജാഥ ഇന്ന് കാസർകോട് കയ്യൂരിൽ നിന്ന് ആരംഭിച്ചു. കാസർകോഡ് ജില്ലയിലെ പ്രമുഖ സിനിമാ പ്രവർത്തകരെ പരിപാടിയിൽ ആദരിക്കും.

✪✪✪

ശബരിമല സന്നിധാനത്ത് പന്ത്രണ്ട് വിളക്ക് പ്രമാണിച്ച് തീർഥാടകരുടെ നല്ല തിരക്ക് അനുഭവപ്പെടുന്നതായി പത്തനംതിട്ട പ്രതിനിധി റിപ്പോർട്ട് ചെയ്തു. രാവിലെ ഒൻപതുവരെ 9,226 പേരാണ് തീർഥാടനം നടത്തിയത്.

✪✪✪

സ്വർണ വില ഗ്രാമിന് 25 രൂപ കൂടി 7,105 രൂപയായി. 200 രൂപ വർദ്ധിച്ച് 56,840 രൂപയാണ് പവന്.

✪✪✪

ഗുരുവായൂർ ക്ഷേത്രത്തിൽ ഏകാദശിയുടെ ഭാഗമായി സംഗീതാർച്ചനകൾക്ക് തുടക്കമായി. തന്ത്രി ബ്രഹ്മശ്രീ PS ദിനേശൻ നമ്പൂതിരിപ്പാട് സംഗീത മണ്ഡപത്തിൽ ഭദ്ര ദീപം തെളിയിച്ചു.

✪✪✪